പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2570 14.12.2015-ൽ മറുപടിക്ക്

**കുഴപ്പിള്ളി ആശുപത്രി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർമാരുടെ അഭാവം മൂലം കുഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടി വന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഡോക്ടർമാരുടെ അഭാവംമൂലം കുഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടതായ സാഹചര്യം വന്നിട്ടില്ല. |
| (ബി) പകരം ഡോക്ടർമാരെ നിയമിക്കാതെ എത്ര പേരെ വിടുതൽ ചെയ്യുന്നതിനുള്ള അനുവാദം നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) കുഴപ്പിള്ളി പഞ്ചായത്തിലെ അയ്യമ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികകളാണ് ഉള്ളത്. ഇതിൽ ഒരു ഡോക്ടർ ശൂന്യവേതനാവധിക്കുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും ഇത് അനുവദിച്ചിട്ടില്ല. ഈ ഡോക്ടർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

Sobha

സെക്ഷൻ ഓഫീസർ